ബോണർ പാർലമെണ്ടിൽ നാല്പത്തി ഏഴിനെതിരെ 442 വോട്ടിനും ഏകീകരണനിർദേശം പാസ്സായി. 1990 ഒക്ടോബർ മൂന്നിനു ജർമൻ ജനതയുടെ ഏകീകരണദിനമായി ആഘോഷങ്ങൾ നടത്തി.ഇതോടെ ഒക്ടോബർ രണ്ടാംതീയതി വളരെ വ്യത്യസ്തപ്പെട്ട ചരിത്രങ്ങൾക്കു സാക്ഷ്യംനിന്ന ജർമൻ ഡെമോക്രാറ്റിക് റിപ്പബ്ലിക്കിന്റെ അന്ത്യദിനമായി. നാലുപതിറ്റാണ്ടുകൾ നീണ്ട കമ്യൂണിസ്റ്റ് ഏകാധിപത്യ വ്യവസ്ഥയോട് എന്നെന്നേക്കുമായി ജർമനി വിടപറഞ്ഞു.

ഏകീകരണത്തോടെ നിരവധി ഭരണഘടനാവ്യവസ്ഥകൾക്കു മാറ്റം വരുത്തിയിരുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ രണ്ടിൽ ഏകീകരിക്കപ്പെട്ട ജർമനിയുടെ തലസ്ഥാനം ബർലിൻ ആയിക്കണമെന്ന നിബന്ധന ഉണ്ടായിരുന്നു. ബർലിൻ എന്ന ലോക നഗരം ജർമനിയുടെ തലസ്ഥാനമായി .

1944 സെപ്റ്റംബറിൽ രണ്ടാം ലോകമഹായുദ്ധാനന്തര ജർമനിയുടെ വിഭജനകാര്യങ്ങൾക്കായി ഒരു പതിനാലിന പരിപാടി അംഗീകരിച്ചു. അതിൽ ജർമനിയെ ഒരു വ്യാവസായിക രാഷ്ട്രമല്ല, മറിച്ച് ഒരു കാർഷിക രാജ്യമാക്കി പരിവർത്തനം ചെയ്യിക്കണമെന്ന തത്വം അംഗീകരിച്ചു. ജർമനി ഇന്നു ഫലത്തിൽ ഇവ രണ്ടുമായിത്തീർന്നു. അമേരിക്കൻ ധനകാര്യമന്ത്രി ഹെൻറി എം. മോർഗൻ ആണു പതിനാലിന മോർഗൻ പ്ലാനിന്റെ അവതാരകൻ. അമേരിക്കയും ബ്രിട്ടനും പരസ്പര വിരുദ്ധങ്ങളായ വാദമുഖങ്ങളുമായി എത്തിയതു ചരിത്രയാഥാർത്ഥ്യമാണ്. യഥാർത്ഥത്തിൽ ആരുടെയും പ്ലാനുകൾ അല്ല യാഥാർത്ഥ്യമായത്. 1945 മെയ് 7-8 തീയതികളിൽ വ്യവസ്ഥയില്ലാത്ത കീഴടങ്ങലിനു ജർമൻ സൈന്യം വഴങ്ങി. രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു. 1945 ഫെബ്രുവരി 4-11 വരെ നടന്ന യാൾട്ടാ കോൺഫറൻസിൽ ജർമനിയുടെ വിഭജനവും, ജർമനിയെ നാല് അധിനിവേശ ശക്തികളുടെ കീഴിലാക്കുന്ന പ്രമേയവും അംഗീകരിച്ചിരുന്നു.

"ഏകീകരണകരാർ" ഒരു ചരിത്രപരമായ സൃഷ്ടിയാണ്. ഇതിനുവേണ്ടി ജനങ്ങൾ നല്കിയ ദൗത്യം പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തിലാണു ഇരുരാജ്യങ്ങളുടെയും നേതൃത്വം ഉന്നം വച്ചത്.

ഏകീകരണത്തിന്റെ നാൾവഴികളെ ചുറ്റിപ്പറ്റി നിരവധി അഭിപ്രായങ്ങളാണുള്ളത്. പശ്ചിമ ജർമനി ഇക്കാര്യത്തിൽ പൂർവ ജർമനിയെ സമ്മർദത്തിലാക്കി ചർച്ചാമേശയ്ക്കു മുന്നിലെത്തിച്ചു. ഏകീകരണത്തോടെ പൂർവ ജർമൻ പ്രദേശങ്ങളിൽ മെച്ചപ്പെട്ട വികസനം കൈവരിച്ചിട്ടുണ്ടെന്നു പറയുന്നവരും മറുവശത്തുണ്ട്. ഗതാഗത പരിഷ്ക്കരണത്തിലെ അത്ഭുതകരമായ നേട്ടങ്ങളാണവർ ഒരുദാഹരണമായി ചൂണ്ടിക്കാണിക്കുന്നത്. പശ്ചിമജർമനിയുടെ വികസന മാതൃകയിലുള്ള വികസനമേ പൂർവ ജർമനിയിലും നടന്നിട്ടുള്ളുവെന്ന ആരോപണത്തിന് ഇത്, വെറും തെറ്റിദ്ധാരണമാത്രമാണെന്നാണ് ഔദ്യോഗിക ഭാഷ്യം. ഒരുമയില്ലാത്ത അഭിപ്രായങ്ങൾക്കു കാരണം സാമാന്യജനങ്ങൾ ഏകീകരണ കരാർ വായിച്ചിട്ടില്ല എന്നതാണ്. എന്നിരുന്നാൽ തന്നെയും യുറോപ്പും സോവ്യറ്റ് റഷ്യയും മാത്രമല്ല, ലോകം മുഴുവനും ഏകീകൃത ജർമനിയുടെ അത്ഭുതകരമായ വളർച്ച വിസ്മയത്തോടെയാണു നോക്കിക്കാണുന്നത്.


- 48 -

Geschehen zu Berlin am 31. August 1990

in zwei Urschriften in deutscher Sprache.

Für die Bundesrepublik Deutschland

Für die Deutsche Demokratische Republik

*ജർമൻ ഏകീകരണ കരാർ ഒപ്പിട്ട രേഖ*

ഇരുരാജ്യങ്ങളും സംയോജിക്കുന്നതിനു ഭരണഘടനയുടെ 146-ാം വകുപ്പ് അനുവദിച്ചിട്ടുണ്ട്. ഏകീകരണശേഷം അതുവരെ നിലവിലുള്ള വകുപ്പുകൾ ഇല്ലാതാവുകയും ചെയ്യും. ഇപ്പോൾ ഭരണഘടനയുടെ ഇരുപത്തിമൂന്നാം വകുപ്പുപ്രകാരമാണു ജർമനിയുടെ യൂറോപ്യൻ യൂണിയൻ അംഗത്വം നിലനില്ക്കുന്നത്. ഈ ആർട്ടിക്കിളിൽ "ജർമനിയുടെ പതിനാറു സംസ്ഥാനങ്ങളിലുമുള്ള ജർമൻ പൗരന്മാരുടെ സ്വതന്ത്രമായ തീരുമാനപ്രകാരമാണ് ഏകീകരണം" എന്നു വ്യക്തമായി എഴുതിയിട്ടുണ്ട്. ഇതിനാൽ ജർമൻ ഭരണഘടന മുഴുവൻ ജനതയ്ക്കും വേണ്ടിയുള്ളതാണെന്ന തത്വം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ഇരുജർമനികളുടെയും ഏകീകരണം ഒരാവശ്യമാണെന്ന ന്യായവാദം ജനങ്ങളുടേതായിരുന്നു. "ഏകീകരണകരാർ" ഒരു ചരിത്രപരമായ സൃഷ്ടിയാണ്. ഇതിനുവേണ്ടി ജനങ്ങൾ നല്കിയ ദൗത്യം പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തിലാണു ഇരുരാജ്യങ്ങളുടെയും നേതൃത്വം ഉന്നം വച്ചത്. ഈസ്റ്റ് ജർമനി ഇല്ലാതാക്കിക്കൊണ്ട് ഒരു ഫെഡറൽ റിപ്പബ്ലിക് ജർമനിക്കു ജന്മം നല്കുന്ന ഏകീകരണ പ്രക്രിയ വളരെ വേഗം ഓർഗനൈസ് ചെയ്യണം. ഇതായിരുന്നു അവരെടുത്ത പ്രതിജ്ഞ. 1990 ഓഗസ്റ്റ് 31 ജർമൻ ജനതയ്ക്ക് അഭിമാനകരമായ ഒരു ചരിത്രദിനമായിരുന്നു. രണ്ടായി പിളർന്നുപോയിരുന്ന ഒരു ജനവിഭാഗത്തിന്റെ കൂടിച്ചേരലിനുള്ള പ്രമാണരേഖയിൽ ഒപ്പുവച്ച ചരിത്രസംഭവം.

സംയോജനത്തിനു മുമ്പുള്ള നാളുകളിൽ നിരവധി നാടകീയ സംഭവങ്ങൾ ഇരു രാജ്യങ്ങളിലും അരങ്ങേറി. വളരെ വേഗം നടക്കാനിരുന്ന ഒരു ഏകീകരണ പ്രക്രിയയിൽ പലവിധ ഊഹാപോഹങ്ങൾ തലപൊക്കിയി

രുന്നു. കോളും ഗോർബച്ചോവുമായുള്ള സന്ദർശന ങ്ങൾ, ഗവൺമെണ്ട് വക്താക്കളുടെ നാടകീയ അറിയി പ്പുകൾ ഇവയെല്ലാം ഹെൽമുട്ടുകോളിനെ പ്രകോപി പ്പിച്ച ചരിത്രപരമായ വസ്തുതകളാണ്. പൂർവജർമൻ രാഷ്ട്രീയ പാർട്ടികളായ ഡി.എസ്.യു, എസ്.പി.ഡി, സി.ഡി.യു, എഫ്.ഡി.പി തുടങ്ങിയവരുടെ ഏകീകര ണവാദങ്ങൾ ശക്തിപ്പെട്ടു. ഉടനടി ഏകീകരണം എന്ന വാദം ശക്തമായി. 1990 ജൂൺ 17 നു പൂർവജർമനി ജനാ ധിപത്യ അവകാശങ്ങൾ നിഷേധിക്കപ്പെടാത്ത ഒരു രാഷ്ട്രമായിത്തീർന്നു.

**കരാർ ഒപ്പിടുന്നതിനു തൊട്ടുമുമ്പുള്ള രാത്രിയിൽ പോലും മിനുക്കുപണികൾ തകൃതിയായി നടന്നു. തർക്കവിഷയങ്ങൾ പലതുണ്ടായി. ജനനനിയന്ത്രണ ബില്ലും, പൂർവ ജർമൻ രഹസ്യന്വേഷണ വകുപ്പിന്റെ ഫയലുകളുടെ സംരക്ഷണവുമായിരുന്നു അവശേഷിച്ച പ്രശ്നങ്ങൾ.**

ഒൻപത് അധ്യായങ്ങളിൽ നാല്പത്തിയഞ്ചു വകു പ്പുകൾ ചേർത്ത് ആയിരത്തോളം താളുകളിൽ കരാർ തത്വങ്ങൾ എഴുതിച്ചേർത്ത് പൂർത്തിയാക്കി. പ്രതിസന്ധി കൾ പൊടുന്നനെ ഉയർന്നു. സോഷ്യൽ ഡെമോക്രാറ്റ് നേതാവായ വോൾഫ് ഗാംങ് തീയർസ്സെ, 1945ൽ സോവ്യറ്റ് യൂണിയൻ ഫ്യൂഡലിസ്റ്റ് അധിനിവേശം നട ത്തിയ ഈസ്റ്റ് ജർമൻ പ്രവിശ്യകളെ മുഴുവൻ നിയമ ഭേദഗതി വരുത്തി വിടുതൽ കരാർ ചെയ്തുകഴിഞ്ഞ തീരുമാനവും ഏകീകരണ കരാറിൽ എഴുതി ചേർക്ക ണമെന്ന് ആവശ്യപ്പെട്ടു. ഭരണകക്ഷിയിലെ ലിബറൽ പാർട്ടിയും ഈ അവകാശവാദം ശരിവച്ചു.

കരാർ ഒപ്പിടുന്നതിനു തൊട്ടുമുമ്പുള്ള രാത്രിയിൽ പോലും മിനുക്കുപണികൾ തകൃതിയായി നടന്നു. തർക്കവിഷയങ്ങൾ പലതുണ്ടായി. ജനനനിയന്ത്രണ ബില്ലും, പൂർവ ജർമൻ രഹസ്യന്വേഷണ വകുപ്പിന്റെ ഫയലുകളുടെ സംരക്ഷണവുമായിരുന്നു അവശേഷിച്ച പ്രശ്നങ്ങൾ.

ഇരുജർമനികളുടെ ഏകീകരണവും പൂർവ ജർമൻ രാഷ്ട്രത്തിന്റെ തിരോധാനവും കമ്യൂണിസ്റ്റ് ഏകാധി പത്യത്തിന്റെ പതനവും സഖാവ് ഏറീക്ക് ഹോണിക്ക റുടെ പലായനത്തോടെ പൂർത്തിയായി.

സ്വാതന്ത്ര്യവും അവകാശങ്ങളും സമാധാനവും ഭദ്ര മാക്കിയ ജനങ്ങളും രാഷ്ട്രീയ പാർട്ടികളും, ലോകജ നത അംഗീകരിച്ച ഒരു ഏകീകൃത ജർമനിയുടെ ഭദ്ര തയും വികസന വേഗതയും കാണുവാനാണ് ആഗ്ര ഹിച്ചത്. പശ്ചിമ ജർമൻ തലസ്ഥാനമായിരുന്ന ബോണിൽ നിന്നു ലഭിച്ച കടലാസിലെഴുതിയ ഏകീ കരണ കരാറും, ഈസ്റ്റ് ബർലിനിൽ നിന്നും ഒപ്പിടു വാൻ കൊണ്ടുവന്ന സ്വർണ നിബ്ബുള്ള "മാർക്കാന്റ്" പേനയും ഇരു ജർമനികളുടെയും സാമ്പത്തിക-രാ ഷ്ട്രീയ-സാമൂഹ്യ ഐക്യത്തിന്റെ നിർണായക ഫല സിദ്ധിയായിരുന്നു.

❖

## അറിവിന്റെ ലോകം

### വി.കെ. ഹരിദാസ്

# എ. ടി. എം




എന്താണ് എ.ടി.എം? ഓട്ടോമാറ്റിക് ടെല്ലർ മെ ഷീൻ എന്നതിന്റെ ചുരുക്ക പ്പേരാണ് എ.ടി.എം. ബാ ങ്കിലെ ഉദ്യോഗസ്ഥരുടെ സഹായമില്ലാതെ ഏതു സമയത്തും പണം നിക്ഷേ പം, പണം പിൻവലിക്കൽ, പണം ട്രാൻസ്ഫർ, ബാ ക്കി തുക അറിയൽ തുട ങ്ങി മിക്ക ബാങ്കിടപാടുകളും നടത്താൻ കഴിയുന്ന യന്ത്രമാ ണിത്. ഇതിനായി ബാങ്ക് നമ്മുടെ പക്കൽ ഒരു എ.ടി.എം കാർഡു നല്കും. ഒരു ചെറിയ മുറിക്കുള്ളിൽ സ്ഥാപിച്ചിരി ക്കുന്ന ഈ യന്ത്രം കമ്പ്യൂട്ടർ ശൃംഖലയുടെ സഹായത്തോ ടെയാണു പ്രവർത്തിക്കുന്നത്.

അമേരിക്കക്കാരനായ ഡോൺ വെറ്റ്സൽ ആണ് എ.ടി. എമ്മിന്റെ ആശയം ലോകത്തിനു മുന്നിൽ ആദ്യമായി അവ തരിപ്പിച്ചത്. 1968ൽ ഡോക്യൂടൽ കമ്പനിയുടെ പ്രൊഡക്ട് പ്ലാനിംഗ് വൈസ് പ്രസിഡണ്ടായിരിക്കുമ്പോൾ ഒരിക്കൽ ഡാലസ് ബാങ്കിലെത്തിയ വെറ്റ്സെലിന് ഒരു ഇടപാടു നട ത്താൻ കുറേനേരം കാത്തുനില്ക്കേണ്ടിവന്നു. ബാങ്ക് ഉദ്യോ ഗസ്ഥരെ കാണാതെ തന്നെ ഇത്തരം ഇടപാടുകൾ നടത്താൻ ഒരു യന്ത്രം ഉണ്ടാക്കിയാലെന്തെന്ന് അദ്ദേഹം ചിന്തിച്ചു. ഡൊക്യൂടൽ കമ്പനിയിലെ മെക്കാനിക്കൽ എഞ്ചിനീയറായ ടോംബാർനെസും ഇലക്ട്രിക്കൽ എഞ്ചിനീയറായ ജോർജ് ചാസ്റ്റൈനും വെറ്റ്സെല്ലിനോടൊപ്പം ചേർന്നു. ഇവരുടെ കീഴിൽ ഇരുപതോളം പേർ നിരന്തരമായി ഗവേഷണത്തി ലേർപ്പെട്ടതിന്റെ ഫലമായി 1973ൽ ഇവരുടെ മൂന്നുപേരുടെ യും പേരിൽ ഡൊക്യൂടൽ കമ്പനിക്ക് എ.ടി.എമ്മിന്റെ പേറ്റന്റ് നല്കി.

അന്നു ക്രെഡിറ്റ് കാർഡുകൾ നിലവിലുണ്ടായിരുന്നെ ങ്കിലും മാഗ്നറ്റിക് സ്ട്രിപ്പും പേഴ്സണൽ ഐ.ഡി നമ്പരും ഉള്ള എ.ടി.എം കാർഡുകൾ നിർമിക്കാനുള്ള സാങ്കേതി കവിദ്യ ഇല്ലായിരുന്നു. അതു വെറ്റ്സെലും കൂട്ടുകാരും ചേർന്നു കണ്ടുപിടിച്ചു. ഒരു ഇടപാടുകാരന്റെ അക്കൗണ്ട് വിവ രങ്ങൾ ഈ എ.ടി.എം കാർഡിന്റെ അടിസ്ഥാനത്തിലാണ് എ.ടി.എം മനസ്സിലാക്കുന്നത്. 1969ൽ അമേരിക്കയിലെ കെമി ക്കൽ ബാങ്കിൽ ആദ്യത്തെ എ.ടി.എം വെറ്റ്സെലും കൂട്ടരും സ്ഥാപിച്ചു. പണം പിൻവലിക്കാൻ മാത്രമേ ഈ എ.ടി.എം കൊണ്ടു കഴിഞ്ഞിരുന്നുള്ളു. 1971ലാണ് ഇന്നു നമ്മൾ കാണു ന്നതുപോലുള്ള ,മിക്ക ബാങ്കിടപാടുകളും ചെയ്യാൻ കഴിയുന്ന എ.ടി.എം നിർമിച്ചത്.

❖❖❖

ഫ്ളാഷ്ബാക്ക്

തേക്കിൻകാട് ജോസഫ്

# ആദ്യ പ്രതിഫലം

ആദ്യത്തെ പ്രണയം, ആദ്യത്തെ സന്താനം എന്നിവ പോലെ ഉന്മാദകരമായ അനുഭവമാണ് ആദ്യത്തെ കഥയുടെ പ്രസിദ്ധീകരണവും. 1964 ഡിസംബർ 25 ക്രിസ്മസ് ദിനത്തിലാണ് എന്റെ ആദ്യത്തെ കഥ അച്ചടിയിലൂടെ വെളിച്ചം കാണുന്നത്. കഥ അച്ചടിച്ചുവന്നതു ദീപിക ദിനപത്രത്തിന്റെ ക്രിസ്മസ് പതിപ്പിൽ.

'നക്ഷത്രവിളക്ക്' എന്നു പേരുള്ള ആ കഥ രണ്ടുമാസം മുൻപേ ഞാൻ ദീപിക പത്രാധിപർക്ക് അയച്ചതാണ്. അക്കാലത്തു കലാസൃഷ്ടികൾ മൂന്നുമാസം മുൻപേ പത്രമോഫീസിലേക്ക് അയയ്ക്കണം എന്നൊരു ധാരണ എങ്ങനെയോ എന്റെ മനസ്സിൽ കടന്നുകൂടിയിരുന്നു. ഞാൻ അതിനും എത്രയോ മുൻപേ ആ കഥ എഴുതിയിരുന്നു. ആത്മാംശം കടന്നുചെന്ന ഒരു കഥ. അതു പലപ്രാവശ്യം വായിച്ചു തിരുത്തി പാകപ്പെടുത്തിയിരുന്നു, ഞാൻ. ഒഴിവുസമയങ്ങളിൽ കഥയിലെ ഓരോ വാക്യവും ഞാൻ മനസ്സിൽ താലോലിച്ചിരുന്നു. ഫ്ളോബർ എന്ന വിശ്വവിഖ്യാത നോവലിസ്റ്റ് അദ്ദേഹത്തിന്റെ 'മൊബിഡിക്ക്' എന്ന നോവൽ അറുപതു പ്രാവശ്യം തിരുത്തിപകർപ്പെടുത്തിട്ടുണ്ട് എന്ന് എവിടെയോ വായിച്ചതോർക്കുന്നു.

അതുപോലെ തന്നെ എന്റെയും കഥ. അവസാനം മറുപടിക്കത്തിനോ തിരസ്കരിക്കുകയാണെങ്കിൽ തിരിച്ചയയ്ക്കാനോ മതിയായ സ്റ്റാമ്പൊട്ടിച്ച ഒരു കവർകൂടി ഉള്ളടക്കം ചെയ്താണു ഞാൻ എന്റെ കഥ പത്രാധിപർക്കു പോസ്റ്റു ചെയ്തത്. പിറ്റേ ദിവസം മുതൽ തപാലാഫീസിൽ പോകും. പോസ്റ്റുമാനെ കാണും. എനിക്കെന്തെങ്കിലും കത്തുണ്ടോ എന്നന്വേഷിക്കും. ഒരു മാസം കഴിഞ്ഞിട്ടും മറുപടിക്കത്തോ പ്രസിദ്ധീകരണത്തിനു യോഗ്യമല്ല എന്ന കുറിപ്പോടുകൂടിയ മാറ്ററോ എനിക്കു ലഭിച്ചില്ല.

പത്രമാപ്പീസിൽ ആരെയും പരിചയമില്ല. ഗേറ്റിനു പുറത്തുനിന്നു ദീപികയുടെ ഓഫീസു കണ്ടിട്ടുണ്ടെന്നു മാത്രം. മലയാളികളുടെ പ്രിയങ്കരനായ നോവലിസ്റ്റ് മുട്ടത്തുവർക്കിയും ,അന്ന് എഴുതിത്തെളിഞ്ഞു വരുന്ന നോവലിസ്റ്റായ ജോസഫ് മറ്റവും അവിടെ പത്രാധിപസമിതിയിൽ ജോലിചെയ്യുന്നുണ്ടെന്നറിയാം. വർക്കിസാറിന്റെ പ്രധാനപ്പെട്ട നോവലുകളൊക്കെ ദീപികയുടെ വാരാന്തപ്പതിപ്പുകളിൽ വായിച്ചിട്ടുമുണ്ട്. ജോസഫ് മറ്റത്തിന്റെ ഒരു നോവലും വായിച്ചിട്ടുണ്ടെന്നാണ് ഓർമ. അവരോട് എഴുതിച്ചോദിച്ചാലോ എന്നൊരു ചിന്ത മനസ്സിൽ കടന്നുവന്നു. പക്ഷേ, അതിനുള്ള ധൈര്യം വന്നില്ല.

എന്റെ നക്ഷത്രവിളക്ക് അവർ ചവറ്റുകൊട്ടയിൽ വലിച്ചെറിഞ്ഞു കാണും. അല്ലെങ്കിൽ മറുപടിക്കത്തു വരേണ്ടതല്ലേ. മടക്കത്തപാലിൽ മാറ്ററും വന്നിട്ടില്ല. ഒരു

**എന്റെ നക്ഷത്രവിളക്ക് അവർ ചവറ്റുകൊട്ടയിൽ വലിച്ചെറിഞ്ഞു കാണും. അല്ലെങ്കിൽ മറുപടിക്കത്തു വരേണ്ടതല്ലേ. മടക്കത്തപാലിൽ മാറ്ററും വന്നിട്ടില്ല. ഒരു പക്ഷേ, പത്രമാപ്പീസിൽ കുന്നുകൂടുന്ന മെയിൽ പ്രളയദിനത്തിൽ എന്റെ കഥയും അനാഥമായി ഒലിച്ചു പോയിട്ടുണ്ടാവാം. ഇങ്ങനെ പലവിധ ചിന്തകൾ.**

പക്ഷേ, പത്രമാപ്പീസിൽ കുന്നുകൂടുന്ന മെയിൽ പ്രളയത്തിൽ എന്റെ കഥയും അനാഥമായി ഒലിച്ചു പോയിട്ടുണ്ടാവാം. ഇങ്ങനെ പലവിധ ചിന്തകൾ.

ആത്മാംശം നിറഞ്ഞ കഥ എന്നു നേരത്തേ സൂചിപ്പിച്ചുവല്ലോ. ക്രിസ്മസ് ദിനത്തിൽ ഒരു നക്ഷത്രവിളക്ക് ഉണ്ടാക്കി അതിൽ തിരികത്തിച്ചു വയ്ക്കുന്നത് അനേകം നാളായി ഞാൻ സ്വപ്നം കാണാറുണ്ടായിരുന്നു. ക്രിസ്മസ് രാവിൽ പാതിരാക്കുർബാന കഴിഞ്ഞു തിരികെ വീട്ടിലേക്കു മടങ്ങുന്ന വഴിയിലെ പല വീടുകളിലും കത്തിനില്ക്കുന്ന നക്ഷത്രവിളക്കുകൾ ഞാൻ കണ്ടിട്ടുണ്ട്. അത്തരമൊന്ന് ഉണ്ടാക്കുക എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ എന്റെ ബാല്യകാലസുഹൃത്തു മുന്നോട്ടു വന്നു. ഞങ്ങൾ രണ്ടാളും ചേർന്ന് ഇല്ലിക്കമ്പുകൾ ശേഖരിച്ച് അതും വർണക്കടലാസും ഉപയോഗിച്ച് ഒരു നക്ഷത്രവിളക്കു നിർമിച്ചു. അതിൽ ഒരു ചെറിയ തട്ടുണ്ടാക്കി മെഴുകുതിരി ഉറപ്പിച്ചു തീ കൊളുത്തി. ചാക്കുചരടു കെട്ടി മുറ്റത്തെ തേന്മാവിൻ കൊമ്പിൽ ആ നക്ഷത്രവിളക്ക് ഉയർത്തി. ഒരു നിമിഷം അതിന്റെ ധൂസരപ്രകാശം കണ്ട് എന്റെ മനസ്സ് അത്യധികം ആഹ്ലാദിച്ചു. ആഹ്ലാദം അധികനേരം നീണ്ടുനിന്നില്ല. വർണക്കടലാസിനു തീപിടിച്ചു നക്ഷത്രം എരിഞ്ഞു താഴെ വീണു!

ആ സംഭവത്തെ മുൻനിർത്തിയാണ് എന്റെ നക്ഷത്രവിളക്ക് എന്ന കഥ. തലേവർഷത്തെ അനുഭവം ചമത്ക്കാര ഭംഗിയോടെ അവതരിപ്പിച്ചതാണു ഞാൻ. ഒരു പക്ഷേ, എന്റെ കഥയക്കു ശില്പഭദ്രത ലഭിച്ചിട്ടുണ്ടാവില്ല. ക്രിസ്മസ് ദിനം അടുക്കുന്തോറും എന്റെ പ്രതീക്ഷ അസ്തമിച്ചു.

അക്കൊല്ലവും പാതിരാക്കുർബാനയ്ക്കു പള്ളിയിൽ പോയി. കുർബാനയും ആഘോഷപരിപാടികളും കഴിഞ്ഞപ്പോൾ മൂന്നരമണി. ഒരു മണിക്കൂർ കൂടി കഴിഞ്ഞാൽ ദീപിക പത്രം ഏജൻസി ഓഫീസിൽ വരും. അതു കൂടി കണ്ടിട്ടു വീട്ടിൽ പോകാം എന്നു നിശ്ചയി

ച്ചു പള്ളിമുറ്റത്തുതന്നെ കറങ്ങിനടന്നു. നാലരമണിയായപ്പോൾ ഞാൻ ഏജൻസി ഓഫീസിൽ ചെന്നു. മുട്ടപ്പള്ളിൽ കുഞ്ഞേപ്പു ചേട്ടനാണു ദീപിക, മനോരമ, മാതൃഭൂമി പത്രങ്ങളുടെ ഏജന്റ്. അദ്ദേഹം കർക്കശ സ്വഭാവക്കാരനാണ്. ഓസിനു വായിക്കുന്നവർ പത്രം എടുത്തു നിവർത്തിയാൽ അതിന്റെ മടക്കു ചാടിൽ കൂടി തന്നെ വൃത്തിയായി മടക്കിവയ്ക്കണം. ഇല്ലെങ്കിൽ ദേഷ്യപ്പെടും. അതുകൊണ്ടു വളരെ സൂക്ഷിച്ചാണു പത്രം എടുത്തു നിവർക്കുന്നത്. ക്രിസ്മസ് പ്രമാണിച്ചു സപ്ലിമെന്റ് ഉൾപ്പെടെ എട്ടുപേജാണു പത്രം.

ഞാൻ വർധിച്ച ചങ്കിടിപ്പോടെ കെട്ടുപൊട്ടിച്ച് അടുക്കി വച്ച പത്രത്തിലൊന്ന് എടുത്തു നിവർത്തി. എന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അതാ ക്രിസ്മസ് പതിപ്പിന്റെ അകം പേജിൽ എന്റെ നക്ഷത്ര വിളക്ക് പ്രസിദ്ധീകരിച്ചിരിക്കുന്നു. ആഹ്ലാദം കൊണ്ട് എന്റെ മനസ്സ് തുടികൊട്ടി. ഞാൻ കുഞ്ഞേപ്പുചേട്ടനെ എന്റെ പേരിൽ അച്ചടിച്ചുവന്ന കഥ കാണിച്ചു.

അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു.

കൊള്ളാം നീ പ്രശസ്തനാകുമെടാ കൊച്ചനേ! എനിക്ക് ആദ്യമായി കിട്ടിയ അഭിനന്ദനം.

ഞാൻ ആകാശത്തോളം ഉയർന്നതുപോലെ തോന്നി. ഒറ്റവീർപ്പിന് എന്റെ അച്ചടിമഷി പുരണ്ട ആ കഥ അവിടെയിരുന്നു വായിച്ചു. ഒരു പത്രം വാങ്ങി കക്ഷത്തിൽ വച്ചു ഞാനവിടെനിന്നിറങ്ങി. നേരം വെളുത്തിട്ടില്ല. ഞാൻ വീണ്ടും പള്ളിമുറ്റത്തേക്കു തിരിച്ചു. അടുത്ത കുർബാന കഴിയുന്നതുവരെ കാത്തുനിന്നു. കുർബാന കഴിഞ്ഞ് ആളുകൾ പുറത്തേക്കിറങ്ങിയപ്പോൾ ഞാൻ ആകാംക്ഷയോടെ അവരുടെ മുഖത്തേക്കു നോക്കി.

എന്റെ കഥ ആരെങ്കിലും വായിച്ചോ? ഇവിടെ ഒരു സാഹിത്യകാരൻ പിറന്നിരിക്കയാണ്. ആരും എന്റെ നേരേ നോക്കിയില്ല. അഭിനന്ദിച്ചുമില്ല. ഇവർക്കൊന്നും വിവരമില്ല എന്നു പിറുപിറുത്തുകൊണ്ടു ഞാൻ ഉണ്ണിയേശു പിറന്നു കിടക്കുന്ന പുൽക്കൂടിനരികിലെത്തി.

മൂന്നുരാജാക്കൾ പൊന്നും മീറയും ഉണ്ണിയേശുവിനു സമർപ്പിച്ചതുപോലെ എന്റെ കഥ അച്ചടിച്ചു വന്ന ദീപിക പത്രം ഞാൻ ആ പുൽക്കൂടിനു മുന്നിൽ സമർപ്പിച്ചു.

ഏതാനും നിമിഷങ്ങൾ കൂടി അവിടെ കറങ്ങിനടന്നിട്ടു ഞാൻ തല ഉയർത്തി ഒരു സാഹിത്യകാരന്റെ ആത്മാഭിമാനത്തോടെ വീട്ടിലേക്കു തിരിച്ചു. പുലർകാല നക്ഷത്രം എനിക്കു മുന്നിൽ എന്നോടൊപ്പം സഞ്ചരിച്ചു.

ഒരാഴ്ച പിന്നിട്ടപ്പോൾ, ഞാൻ സ്റ്റാമ്പൊട്ടിച്ചു വിലാസമെഴുതി കഥയ്ക്കൊപ്പം അയച്ചിരുന്ന കവറിൽ എനിക്കൊരു കത്തും 25 രൂപയുടെ ചെക്കും. സാഹിത്യരചനയ്ക്ക് എനിക്കു കിട്ടിയ ആദ്യത്തെ പ്രതിഫലം. ഇനിയും എഴുതണം എന്നൊരു ഉപദേശവും. ❖

## നുറുങ്ങറിവ്

**ടി.കെ. മാറിയിടം**

# മണ്ണിരയെ വെയിലത്തിട്ടാൽ?



ഭൂമിയിലെ കലപ്പ എന്നറിയപ്പെടുന്ന കർഷകമിത്രമായ മണ്ണിരകളെ പിടിച്ചു വെയിലത്തിട്ടാൽ എന്തുസംഭവിക്കും? ആ ജീവി വളരെ വേഗം താഴ്ന്നു മണ്ണിനടിയിൽ മറയുന്നു.

ഭൂമിയുടെ മേൽമണ്ണിൽ അടങ്ങിയ ലോഹ, അലോഹ, ലവണാംശങ്ങൾ മണ്ണിരയ്ക്ക് ആഹാരമാണ്. ഇവ അടങ്ങിയ മണ്ണ് വിഴുങ്ങിക്കൊണ്ട് അതു ഭൂമിയെ തള്ളി അടിയിലേക്കു നൂണ്ടിറങ്ങുന്നു. അങ്ങനെയുണ്ടാകുന്ന സുഷിരങ്ങളിലൂടെ ജലവും വായുവും അടിയിലെത്തുന്നു. കലപ്പകൊണ്ടു സാധിച്ചതിന്റെ ചെറിയൊരു പതിപ്പാണിത്രയും. മുകളിലുള്ളവ അടിയിലേക്കും അടിയിലുള്ളവ മുകളിലേക്കും. ഒരുതരം ചാക്രീയ ചലനം ആണു സംഭവിക്കുന്നത്. ഈ ചാക്രീയതയാണു മണ്ണിരയെ ഭൂമിയിലെ കലപ്പയാക്കിയത്. അതുവഴി കർഷകമിത്രവും.

മണ്ണിരയ്ക്ക് നീണ്ടുരുണ്ട ശരീരമാണ്. ക്യൂട്ടിക്കിൾ എന്ന നേർത്തപാടയും അതിനടിയിൽ മൂന്ന് അടുക്കുകോശങ്ങളും ശരീരഭിത്തിക്കുണ്ട്. ക്യൂട്ടിക്കിളിനു താഴെയുള്ള അധിചർമം എന്ന കോശനിരകളിൽ ചില ഗ്രന്ഥികൾ കാണാം. മധ്യനിരയിൽ രണ്ടിനം കോശങ്ങളുണ്ട്. നെടുകയും വർത്തുളമായും. ഇവയുടെ ഇടവിട്ടുള്ള സങ്കോചവികാസങ്ങൾ കൊണ്ടാണ് ഈ ജീവി സഞ്ചരിക്കുന്നത്. ശരീരഭിത്തിയുടെ ഉള്ളിലെ കോശനിര ആന്തരാവയവങ്ങൾക്കു സംരക്ഷണവും നല്കുന്നു.

അധിചർമത്തിലെ ഗ്രന്ഥികൾ സ്രവിക്കുന്ന ദ്രാവകം ശരീരത്തിന്റെ ബാഹ്യോപരിതലത്തെ സദാ നനവുള്ളതാക്കുന്നു. ഈ നനവു കൊണ്ടാണു മണ്ണിര അന്തരീക്ഷത്തിലെ ഓക്സിജൻ വലിച്ചെടുക്കുന്നതും കാർബൺ ഡയോക്സൈഡ് പുറന്തള്ളുന്നതും. താഴ്ന്നയിനം ജീവികൾക്കു ശ്വാസകോശം പോലുള്ള അവയവങ്ങൾ ആവശ്യമില്ല.

ത്വക്കിലെ ദ്രാവകമാധ്യമത്തിലൂടെ അകത്തുള്ള രക്തവും പുറത്തുള്ള വായുവും തമ്മിൽ ഒരു കൊടുക്കൽ വാങ്ങൽ, അത്രമാത്രം. മണ്ണിരയുടെ ത്വക്കിലെ നനവു ശ്വസനമെന്ന വാതകവിനിമയത്തിന് എത്രമാത്രം ആവശ്യമെന്നു മനസ്സിലായല്ലോ. എങ്കിൽ ഈ ജീവികളെ വെയിലത്തിട്ടാലോ? ശക്തമായ ചൂടിൽ അതിന്റെ ത്വക്കിലെ നനവു വറ്റും. ത്വക്കു വരളും വാതക വിനിമയം അസാധ്യമാകും. ശ്വസനം നിലയ്ക്കും. ഈ സാധുജീവി ശ്വാസംമുട്ടിച്ചാകും. കർഷകമിത്രമായ മണ്ണിര തണലും തണുപ്പുംതേടി വെയിലത്തു നിന്ന് ഓടിയകലുന്നതിന്റെ പൊരുൾ മനസ്സിലായല്ലോ. ❖

# ഉത്പന്നങ്ങൾക്കു ന്യായവില ലഭിക്കാൻ കർഷകർ സംഘടിക്കണം

## പി.ജെ. ജോസഫ്

കാർഷിക ഉത്പന്നങ്ങൾക്കു ന്യായവില ലഭിക്കുന്നതിനായി കർഷകർ സംഘടിച്ചു സമരരംഗത്തിറങ്ങണമെന്നു കേരളാ കോൺഗ്രസ് (എം) വർക്കിംഗ് ചെയർമാൻ പി.ജെ. ജോസഫ് ആവശ്യപ്പെട്ടു. പാർട്ടി മുട്ടം മണ്ഡലം കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഉത്പന്നങ്ങൾക്കു ന്യായവില ലഭിക്കുക എന്നതു കർഷകരുടെ അവകാശമാണ്.എന്നാൽ നമ്മുടെ സംസ്ഥാനത്തും മറ്റും ഇതിനു വിപരീതമായ അവസ്ഥയാണി നിലനില്ക്കുന്നത്. പ്രതിസന്ധിയുടെ നടുക്കടലിൽ നില്ക്കുന്ന കാർഷിക മേഖലയിൽ അല്പമെങ്കിലും പ്രതീക്ഷയ്ക്കു വക നല്കിയതു റബറിന്റെ വിലയായിരുന്നു. എന്നാൽ അതും നിഷേധിക്കുന്ന കാഴ്ചയാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. സ്വാഭാവിക റബറിന്റെ ഇറക്കുമതി തീരുവ 20 ശതമാനത്തിൽ നിന്നും 13 ശതമാനമായി വെട്ടിക്കുറച്ച കേന്ദ്രവാണിജ്യമന്ത്രാലയത്തിന്റെ നടപടി കേരളത്തിന്റെ കാർഷിക മേഖലയ്ക്കും സമ്പദ്മേഖലയ്ക്കും ആകമാനം തീരാദുരിതം സമ്മാനിക്കുമെന്നതിൽ സംശയമില്ല. അതിനാൽ ഇത്തരം ജനദ്രോഹനിലപാടുകൾക്കെതിരെ കർഷകജനത സംഘടിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ് - പി.ജെ. ജോസഫ് കൂട്ടിച്ചേർത്തു.

യോഗത്തിൽ മണ്ഡലം പ്രസിഡണ്ട് കെ.ടി അഗസ്റ്റിൻ അധ്യക്ഷത വഹിച്ചു. റോഷി അഗസ്റ്റിൻ എം.എൽ.എ, പ്രഫ: കെ.ഐ.ആന്റണി, ജോസ് കോലടി, പ്രഫ. ഷീല സ്റ്റീഫൻ, അഡ്വ. ജോസഫ് ജോൺ, അഡ്വ. ജോസി ജേക്കബ്, സാൻ




*കേരളാ കോൺഗ്രസ് (എം) മുട്ടം മണ്ഡലം കൺവെൻഷൻ പാർട്ടി വർക്കിംഗ് ചെയർമാൻ പി.ജെ.ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. റോഷി അഗസ്റ്റിൻ എം.എൽ.എ, പ്രൊഫ. കെ.ഐ. ആന്റണി, അഡ്വ. ജോസഫ് ജോൺ, അഡ്വ. ജോഷി ജോർജ്, കെ.ടി. അഗസ്റ്റിൻ സമീപം.*

സൻ അക്കക്കാട്ട്, ബെന്നി കളപ്പുര, ചാക്കോ മുതുകാടൻ, എം. മോനിച്ചൻ,ഇബ്രാംഹിംകുട്ടി, പരീത് കാനാപ്പുറം, ബെന്നി പ്ലാക്കൂട്ടം, ജോസഫ് പഴയിടം, ജോസ് മുത്തനാട്ട്, ഷേർളി അഗസ്റ്റിൻ, ഉഷ ഉല്ലാസ്. ജോസ് ഈറ്റക്കുന്നേൽ, ജോസഫ് തൊട്ടിത്താഴത്ത്, ബേബി ചേമ്പാലയിൽ, മാത്തുകുത്തി ചാമക്കാലയിൽ, കുട്ടിച്ചൻ ഊന്നുപാലത്തിങ്കൽ, സിജോ കളരിക്കൽ എന്നിവർ പ്രസംഗിച്ചു.

# റേഷൻ വ്യാപാരികൾ നവംബറിൽ പാർലമെണ്ടു മാർച്ചു നടത്തും

എ.പി.എൽ കാർഡുടമകൾക്കു റേഷൻ സാധനങ്ങളുടെ വിതരണം നിർത്തലാക്കാനുള്ള കേന്ദ്രസർക്കാർ നീക്കം ഉപേക്ഷിക്കുക, സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നിലനിർത്തുക, റേഷൻ സാധനങ്ങളുടെ വില്പന കമ്മിഷൻ വർധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു നവംബറിൽ പാർലമെണ്ടു മാർച്ചു നടത്തുവാൻ ഓൾ കേരളാ റീടെയിൽ റേഷൻ ഡീലേഴ്സ് അസ്സോസിയേഷൻ തൃശൂരിൽ ചേർന്ന സമരപ്രഖ്യാപന കൺവെൻഷൻ തീരുമാനിച്ചു.

കൺവെൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ ചൂണ്ടൽ ഉദ്ഘാടനം ചെയ്തു. പി.പി. കുമാരൻ അധ്യക്ഷത വഹിച്ചു.

സമരസമിതി കൺവീനർ പി. ഉണ്ണികൃഷ്ണൻ, പി.ഡി. പോൾ, പി.ടി.കൊച്ചപ്പൻ, വി.കെ. പ്രദീപ് കുമാർ, സി.വി. സുഗുണപാലൻ, ടി.എ. ഗോപി, പി.കെ. നരേന്ദ്രദാസ്, കെ. സേതുമാധവൻ എന്നിവർ പ്രസംഗിച്ചു.



*തൃശൂരിൽ ചേർന്ന റേഷൻ വ്യാപാരികളുടെ സമരപ്രഖ്യാപന കൺവെൻഷൻ കേരളാ കോൺഗ്രസ് (എം) തൃശൂർ ജില്ലാ സെക്രട്ടറിയും ഓൾ കേരളാ റീടെയിൽ റേഷൻ ഡീലേഴ്സ് അസ്സോസിയേഷൻ സംസ്ഥാന സെക്രട്ടറിയുമായ സെബാസ്റ്റ്യൻ ചൂണ്ടൽ ഉദ്ഘാടനം ചെയ്യുന്നു.*

# മദ്യാസക്തി കേരളത്തെ ശവപ്പറമ്പാക്കി മാറ്റി

## ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ

മദ്യാസക്തി കേരളത്തെ ശവപ്പറമ്പാക്കി മാറ്റിയെന്നു ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ പറഞ്ഞു. കെ.സി.ബി.സി മദ്യ വിരുദ്ധ സമിതി എറണാകുളം -അങ്കമാലി അതിരൂപത കലൂർ റിന്യൂവൽ സെന്ററിൽ സംഘടിപ്പിച്ച മദ്യവിരുദ്ധ യുവജനസംഗമം - 2010 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദൈവത്തിന്റെ സ്വന്തം നാട് പിശാചിന്റെ നാടായി മാറി. കേരളം മരിക്കുകയാണ്. എല്ലാ തിന്മകളും കേരളത്തിൽ വർധിക്കുകയാണ്. മദ്യനിരോധനം വന്നാൽ മാത്രമേ കേരളം രക്ഷപെടൂ. ഘട്ടംഘട്ടമായി കേരളത്തിൽ മദ്യനിരോധനം നടപ്പിലാക്കണം. മദ്യനിരോധനം നടപ്പിലാക്കിയ ഗുജറാത്തിൽ ജനങ്ങൾ മദ്യാസക്തിയിൽ നിന്നു വിമുക്തിനേടി. ജനത്തെ കൊല്ലുന്ന മദ്യനയം തിരുത്തണമെന്നും ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ ആവശ്യപ്പെട്ടു. മദ്യത്തിനെതിരെ പോരാട്ടത്തിനു 1000 യുവാക്കളെ കണ്ടെത്തുന്നതിന്റെ ഭാഗമായിട്ടാണു യുവജന സംഗമം സംഘടിപ്പിച്ചത്.

പ്രസിഡണ്ട് അഡ്വ. ചാർളി പോൾ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോർജ് നേരേവീട്ടിൽ, സി. ജോൺകുട്ടി, വി.പി. ജോസ്, ഏബ്രഹാം തോട്ടുപുറം, പോൾ ഇടക്കൂടൻ, ചാണ്ടി ജോസ്, അഡ്വ. ജേക്കബ് മുണ്ടയ്ക്കൽ, ശാന്തമ്മ വർഗീസ്, സിസ്റ്റർ മരിയൂസ, സിസ്റ്റർ ലിസി ആക്കനത്ത്, സിസ്റ്റർ ലിസ്റ്റ് സംസ്ഥാന ജനറൽ സെക്രട്ടറി ഫാ, ടി.ജെ. ആന്റണി എന്നിവർ പ്രസംഗിച്ചു.



*കെ.സി.ബി.സി മദ്യവിരുദ്ധസമിതി എറണാകുളം - അങ്കമാലി അതിരൂപത സംഘടിപ്പിച്ച മദ്യവിരുദ്ധ യുവജനസംഗമം - 2010 ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു. ഡയറക്ടർ ഫാ. ജോർജ് നേരേവീട്ടിൽ, അഡ്വ. ചാർളി പോൾ, സി.ജോൺകുട്ടി, വി.പി. ജോസ്, പോൾ ഇടക്കൂടൻ, സിസ്റ്റർ മരിയൂസ, ശാന്തമ്മ വർഗീസ്, സിസ്റ്റർ ലിസി ആക്കനത്ത്, അഡ്വ. ജേക്കബ് മുണ്ടയ്ക്കൽ സമീപം.*

### അരുവിക്കര



*അരുവിക്കരയിൽ കേരളാ കോൺഗ്രസ് (എം)ന്റെ നേതൃത്വത്തിൽ ആര്യനാടു പാലം ജംഗ്ഷനിൽ ഭീകരവാദത്തിനെതിരെ നടത്തിയ പ്രചാരണ ജാഥ നിയോജക മണ്ഡലം പ്രസിഡണ്ട് അഡ്വ. കുളപ്പാടം ഡി.മുരളി ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ സെക്രട്ടറി സനൽകുമാർ , ജില്ലാ വൈസ് പ്രസിഡണ്ട് മീനാങ്കൽ ബാബു, ആര്യനാട് ദേവദാസൻ, മനോഹരൻ, രാജൻ സമീപം.*

## കെ.പി. ശിവരാമൻ വൈസ് പ്രസിഡണ്ട്



കേരളാ കോൺഗ്രസ് (എം) കോട്ടയം ജില്ലാ വൈസ്പ്രസിഡണ്ടായി കെ.പി.ശിവരാമനെ തെരഞ്ഞെടുത്തു. കെ.ടി.യു.സി (എം) ജില്ലാ സെക്രട്ടറി കൂടിയാണ് അദ്ദേഹം.

## അഡ്വ. പ്രദീപ് കൂട്ടാല വൈസ് പ്രസിഡണ്ട്



യൂത്ത് ഫ്രണ്ട് (എം) വൈസ് പ്രസിഡണ്ടായി അഡ്വ. പ്രദീപ് കൂട്ടാലയെ തെരഞ്ഞെടുത്തു. യൂത്ത് ഫ്രണ്ട് (എം) അമ്പലപ്പുഴ നിയോജക മണ്ഡലം പ്രസിഡണ്ട്, ജില്ലാ സെക്രട്ടറി, സംസ്ഥാന കൺവീനർ എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്.

കേരളാ നിയമസഹായവേദി, ഗാന്ധി മിഷൻ-കേരള, കുട്ടനാട് ഇന്റഗ്രൽ ഡവലപ്മെന്റ് സൊസൈറ്റി, പുന്നപ്ര ഫൈൻ ആർട്സ് സൊസൈറ്റി, കേരളാ ലോയേഴ്സ് കോൺഗ്രസ്, കാത്തലിക്ക് അസോസിയേഷൻ- ആലപ്പുഴ, ഗാന്ധിയൻ ദർശനവേദി എന്നീ സംഘടനകളുടെ ഭാരവാഹിയുമാണ് അദ്ദേഹം.

## ലോട്ടറി വിവാദം
# ധനമന്ത്രി രാജിവയ്ക്കണം

**എ.സി. മാത്യു എടയാടി**

കഴിഞ്ഞ നാലര വർഷക്കാലം ലോട്ടറി മാഫിയായ്ക്ക് എല്ലാവിധ പിന്തുണയും നല്കി കേരള സംസ്ഥാന ലോട്ടറിയെയും ലോട്ടറി വില്ക്കുന്ന തൊഴിലാളികളെയും വഞ്ചിച്ച ധനമന്ത്രി തോമസ് ഐസക് രാജിവച്ച് അന്വേഷണത്തെ നേരിടണമെന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി എ.സി. മാത്യു എടയാടി ആവശ്യപ്പെട്ടു. കേരളാ യൂത്ത് ഫ്രണ്ട് (എം) ആലപ്പുഴ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ കളക്ട്രേറ്റ് മാർച്ചും തുടർന്നുള്ള ധർണയും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.




*ലോട്ടറി മാഫിയായ്ക്കു പിന്തുണ നല്കുന്ന ധനമന്ത്രി തോമസ് ഐസക് രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് യൂത്ത് ഫ്രണ്ട് (എം) ആലപ്പുഴ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച കളക്ട്രേറ്റ് മാർച്ച് കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി എ.സി. മാത്യു എടയാടി ഉദ്ഘാടനം ചെയ്യുന്നു. അഡ്വ. ജോസഫ് മാത്യു, നസീർ സലാം, ജേക്കബ് തോമസ് അരികുപുറം, എസ്. ഭാസ്കരപിള്ള, അഡ്വ. ജേക്കബ് ഏബ്രഹാം, അഡ്വ. പ്രദീപ് കൂട്ടാല, ജെയിംസ് വെട്ടിയാർ, ബിജു സി.ആന്റണി എന്നിവർ സമീപം.*

അന്യസംസ്ഥാന ലോട്ടറികൾ കഴിഞ്ഞ രണ്ടു മാസക്കാലമായി വില്പന നടത്താത്തത് ആരുടെ ഇടപെടൽ മൂലമാണെന്നു ധനമന്ത്രി വ്യക്തമാക്കണം. മുഖ്യമന്ത്രി ധനമന്ത്രിയെ പുറത്താക്കാൻ ധൈര്യം കാണിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കേരളാ കോൺഗ്രസ് (എം) ഹൗസിൽ നിന്നും പ്രകടനമായി എത്തിയ യൂത്ത് ഫ്രണ്ട് പ്രവർത്തകരെ കളക്ട്രേറ്റ് കവാടത്തിൽ പോലീസ് തടഞ്ഞു. ജേക്കബ് തോമസ്, എസ്. ഭാസ്കരപിള്ള, ജേക്കബ് ഏബ്രഹാം, അഡ്വ. ജോസഫ് മാത്യു, നസീർ സലാം, ജയിംസ് വെട്ടിയാർ, ബിജു, സി. ആന്റണി, ജൂണി കുതിരവട്ടം, അഡ്വ. പ്രദീപ് കൂട്ടാല, ബിജു ചെറുകാട്, ആർ. ജയകുമാർ, ഷിബു ലൂക്കോസ്, ടെൻസൺ തോമസ്, ജേക്കബ് എട്ടിൻ, ജോസുകുട്ടി, രഞ്ജിത്ത് കൃഷ്ണൻ, അഡ്വ. വിനു സക്കറിയ, ടോമി മല്ലപ്പള്ളി, ഔസേപ്പച്ചൻ ചെറുകാട്, റോയി കോട്ടപ്പറമ്പൻ, ബേബി പാറക്കാടൻ, പി. ജെ.ജയമോഹൻ, മുരളി പര്യാത്ത്, എസ്.വാസുദേവൻ നായർ, ഷീൻ സോളമൻ എന്നിവർ പ്രസംഗിച്ചു.

## പ്രസാദ് ഉരുളികുന്നം ജനറൽ സെക്രട്ടറി



കേരളാ യൂത്ത് ഫ്രണ്ട് (എം) കോട്ടയം ജില്ലാ ഓഫീസ് ചാർജുള്ള ജനറൽ സെക്രട്ടറിയായി പ്രസാദ് ഉരുളികുന്നത്തെ തിരഞ്ഞെടുത്തു. യൂത്ത് ഫ്രണ്ട് (എം) ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ചു വരികയായിരുന്നു അദ്ദേഹം.

എലിക്കുളം സർവീസ് സഹകരണ ബാങ്ക് ഭരണസമിതിയംഗം, കെ.ആർ. നാരായണൻ സ്റ്റഡിസെന്റർ ജനറൽ സെക്രട്ടറി, ഉരുളികുന്നം പുലിയന്നൂർകാട് ശ്രീധർമശാസ്താ ക്ഷേത്ര ഉപദേശകസമിതി സെക്രട്ടറി, പൈക സിറ്റിസൺ ക്ലബ് സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിക്കുന്നു.

## അഡ്വ. ചവറ ഫ്രാൻസിസ് ജെ. നെറ്റോ സംസ്ഥാന കൺവീനർ



അഡ്വ. ചവറ ഫ്രാൻസിസ് ജെ. നെറ്റോയെ എറണാകുളത്തു കൂടിയ കേരളാ മത്സ്യ തൊഴിലാളി കോൺഗ്രസ് (എം) പ്രഥമ ജനറൽബോഡി യോഗത്തിൽ സംസ്ഥാന കൺവീനറായി തെരഞ്ഞെടുത്തു. കേരളാ കോൺഗ്രസ് (എം) ചവറ നിയോജകമണ്ഡലം പ്രസിഡണ്ട്, കേരളാ ലോയേഴ്സ് കോൺഗ്രസ് (എം) കൊല്ലം ജില്ലാ പ്രസിഡണ്ട്, കൊല്ലം നിയമവേദി ജില്ലാ ചെയർമാൻ, അഖില കേരള സ്വതന്ത്ര മത്സ്യതൊഴിലാളി യൂണിയൻ സംസ്ഥാന പ്രസിഡണ്ട് എന്നീ നിലയിൽ പ്രവർത്തിച്ചുവരുന്നു. കൊല്ലം ജില്ലാ ഗവൺമെണ്ട് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ, കേരളാ ലാറ്റിൻ കാത്തലിക് അസോസിയേഷൻ ഡയറക്ടർ ബോർഡ് മെമ്പർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

# റബറിന്റെ ഇറക്കുമതിച്ചുങ്കം കുറച്ചതു കർഷകന്റെ നട്ടെല്ലൊടിക്കും

## കെ.എം.മാണി

രണ്ടു ലക്ഷത്തിൽപരം ടൺ റബർ സ്റ്റോക്കുള്ളപ്പോൾ, ലോകത്തിൽ ഏറ്റവും നല്ല ഗുണനിലവാരമുള്ള നമ്മുടെ റബറിനു പകരം ഇലാസ്റ്റിസിറ്റി കുറഞ്ഞ വിദേശ റബർ ഇറക്കുമതി ചെയ്യുന്നത് വ്യവസായികളെ വഴിവിട്ടു സഹായിക്കുന്നതിനുവേണ്ടി മാത്രമാണെന്നു കേരളാ കോൺഗ്രസ് (എം) ചെയർമാൻ കെ.എം.മാണി കുറ്റപ്പെടുത്തി.



*കേരളാ കർഷക യൂണിയൻ (എം) പാലാ നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കർഷക കൺവെൻഷൻ കേരളാ കോൺഗ്രസ് (എം) ചെയർമാൻ കെ.എം.മാണി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. അപ്പച്ചൻ പ്ലാശനാൽ, സെബി പറമുണ്ട, കെ.പി. ജോസഫ്, ജോയി നടയിൽ, സക്കറിയാസ് വലവൂർ, ബേബി ഉഴുത്തുവാൽ, ഫലിപ്പ് കുഴിക്കുളം, കെ.എം തോമസ് കവിയിൽ സമീപം.*

കേരള കർഷക യൂണിയൻ (എം) പാലാ നിയോജക മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച കർഷക സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ടു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വിദേശ റബർ ഇറക്കുമതി ചെയ്യുന്നതുകൊണ്ടു ടയറിന്റെ മേന്മ കുറയുന്നു. അതേ സമയം ടയറിനു പത്തുശതമാനം വില കൂട്ടുകയും ചെയ്തിരിക്കുന്നു.ഇതു കർഷകരോടു ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹമാണ്. അതിനാൽ റബറിന്റെ ഇറക്കുമതിച്ചുങ്കം 20 ശതമാനമായി പുനഃസ്ഥാപിക്കണമെന്നു കെ.എം.മാണി പറഞ്ഞു.

മീനച്ചിൽ താലൂക്കിലെ ഏറ്റവും നല്ല ഇടത്തരം കർഷകരായി തെരഞ്ഞെടുക്കപ്പെട്ട മാത്തുക്കുട്ടി കുന്നത്തുപുരയിടം, ജോയി നടുവിലേക്കുറ്റ്, കെ.കെ. ജോസഫ് കോയിക്കാട്ടിൽ എന്നിവരെ കെ.എം.മാണി പൊന്നാട അണിയിക്കുകയും മെമന്റോ നല്കി ആദരിക്കുകയും ചെയ്തു.

പ്രസിഡണ്ട് സക്കറിയാസ് വലവൂർ അധ്യക്ഷത വഹിച്ചു. അഡ്വ. ജോയി ഏബ്രഹാം, മുൻ എം.പി. ഫ്രാൻസീസ് ജോർജ്, ബേബി ഉഴുത്തുവാൽ, ഫിലിപ്പ് കുഴിക്കുളം, കെ.പി. ജോസഫ്, സെബി പറമുണ്ട, സജി മഞ്ഞക്കടവിൽ, ജോയി നടയിൽ, അപ്പച്ചൻ പ്ലാശനാൽ, തോമസ് നീലിയറ, കെ.വി. തോമസ് കവിയിൽ, ഭാസ്കരൻ നായർ കിഴക്കേമുറിയിൽ, ടോമി ഇടയോടിയിൽ, എൻ.ജെ. ജോസഫ് നെടുമ്പിള്ളിൽ, തോമസ് വള്ളോപ്പിള്ളി, മാണി ജോസഫ് മണിക്കൊമ്പേൽ, ജോൺ കോക്കാട്ട് എന്നിവർ പ്രസംഗിച്ചു.





*കേരളാ കർഷക യൂണിയൻ (എം) പാലാ നിയോജകമണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച കർഷക സമ്മേളനത്തിൽ മീനച്ചിൽ താലൂക്കിലെ ഏറ്റവും മികച്ച ചെറുകിട കർഷകരായി തെരഞ്ഞെടുക്കപ്പെട്ട മാത്തുക്കുട്ടി കുന്നത്തുപുരയിടത്തിനും കെ.കെ. ജോസഫ് കോയിക്കാട്ടിലിനും പാർട്ടി ചെയർമാൻ കെ.എം.മാണി അവാർഡ് നല്കി അനുമോദിക്കുന്നു.*

# തൊട്ടതെല്ലാം കുളമാക്കിയ വിദ്യാഭ്യാസമന്ത്രി രാജിവയ്ക്കണം

## പി.ടി. ജോസ്

തൊടുന്നതെല്ലാം പൊന്നാക്കുമെന്നു പറഞ്ഞ് അധികാരത്തിലെത്തിയ വിദ്യാഭ്യാസമന്ത്രി എം.എ.ബേബി തൊട്ടതെല്ലാം കുളമാക്കുകയാണു ചെയ്തതെന്നും ആത്മാഭിമാനമുണ്ടെങ്കിൽ അദ്ദേഹം രാജി വച്ചു കേരള ജനതയുടെ മാനം രക്ഷിക്കണമെന്നും കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽസെക്രട്ടറി പി.ടി.ജോസ് ആവശ്യപ്പെട്ടു. പാർട്ടി കണ്ണൂർ ജില്ലാ നേതൃത്വ പഠനക്യാമ്പ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ പാർലമെണ്ടു തിരഞ്ഞെടുപ്പിൽ പി.ഡി.പിയുമായി തെരഞ്ഞെടുപ്പു ധാരണ ഉണ്ടാക്കിയതു വഴി ഏതു വിധ്വംസക ശക്തിയെയും തിരഞ്ഞെടുപ്പു വിജയത്തിനായി കൂട്ടുപിടിക്കും എന്നു സി.പി.എം തെളിയിച്ചു. ജനാധിപത്യത്തോടും അതിന്റെ മൂല്യങ്ങളോടുമുള്ള ആ പ്രസ്ഥാനത്തിന്റെ വിരോധമാണ് അതുവഴി വെളിയിൽ വന്നത്- പി.ടി.ജോസ് കൂട്ടിച്ചേർത്തു.



*കേരളാ കോൺഗ്രസ് (എം) കണ്ണൂർ ജില്ലാ നേതൃത്വ പഠനക്യാമ്പ് സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് ഉദ്ഘാടനം ചെയ്യുന്നു.*

ബേബി വലിയകുളം, ജോസഫ് മുള്ളൻമട, ജോയിസ് പുത്തൻപുര, അഡ്വ. മാത്യു കുന്നപ്പള്ളി, അഡ്വ. എ.ജെ. ജോസഫ്, ജോയി കൊന്നയ്ക്കൽ, ജോസ് നരിമറ്റം, അഡ്വ. റോജസ് സെബാസ്റ്റ്യൻ, ജോണി ആനിത്തോട്ടം, ഡോ, ബോബൻ കുഞ്ചെറിയ, കെ.ടി. സുരേഷ്കുമാർ, മോളി ജോസഫ്, എ.പി. ജോസഫ്. വർഗീസ് വയലാമണ്ണിൽ, ഏബ്രഹാം പാരിയ്ക്കാപ്പള്ളി, ബെന്നി മഠത്തിനകം, അപ്പച്ചൻ മാലത്ത് എന്നിവർ സമീപം.

## കുരീപ്പുഴ ഷാനവാസ് പ്രസിഡണ്ട്



കെ.ടി.യു.സി (എം) കൊല്ലം ജില്ലാ പ്രസിഡണ്ടായി കുരീപ്പുഴ ഷാനവാസിനെ തെരഞ്ഞെടുത്തു.

എം.ഇ.എഫ് സംസ്ഥാന ജനറൽ സെക്രട്ടറി, കേരളാ സ്റ്റേറ്റ് പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് ഫെഡറേഷൻ കേരള സ്റ്റേറ്റ് ഹോട്ടൽ ആന്റ് റസ്റ്റൊറന്റ് വർക്കേഴ്സ് ഫെഡറേഷൻ, കേരള സ്റ്റേറ്റ് ഹാർബർ വർക്കേഴ്സ് ഫെഡറേഷൻ, ക്വയിലോൺ എഡ്യൂക്കേഷണൽ ഡവലപ്പ്മെന്റ് സൊസൈറ്റി, കേരളാ സ്റ്റേറ്റ് റീട്ടെയിൽ റേഷൻ ഡിലേഴ്സ് ഫോറം എന്നീ സംഘടനകളുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായും പ്രവർത്തിക്കുന്നു.

## ജോയ് കെ. മാത്യു വൈസ് പ്രസിഡണ്ട്



കർഷക യൂണിയൻ (എം) സംസ്ഥാന വൈസ് പ്രസിഡണ്ടായി ജോയ് കെ.മാത്യു കണിപറമ്പലിനെ തെരഞ്ഞെടുത്തു. കെ.എസ്.സി സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം, കോട്ടയം സി.എം.എസ് കോളജ് യൂണിയൻ ചെയർമാൻ, യൂത്ത് ഫ്രണ്ട് കോട്ടയം ജില്ലാ സെക്രട്ടറി, സംസ്ഥാന കമ്മിറ്റിയംഗം, കർഷകയൂണിയൻ പുതുപ്പള്ളി നിയോജകമണ്ഡലം പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം നിലവിൽ കേരളാ കോൺഗ്രസ് കോട്ടയം ജില്ലാ കമ്മിറ്റി അംഗമാണ്.

**വേൾഡ് വിഷൻ**

**പി.ആർ.**

# കാശ്മീർ സംഘർഷത്തിനു പിന്തുണ

# അയൽക്കാരന്റെ ചതി!

കഴിഞ്ഞ മൂന്നു മാസത്തിലേറെയായി സംഘർഷാവസ്ഥ തുടരുന്ന കാശ്മീരിൽ വിഘടന പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു പൂർണ പിന്തുണ പ്രഖ്യാപിച്ചു പാകിസ്ഥാൻ പാർലമെണ്ടു പ്രമേയം പാസ്സാക്കിയതു ലോകചരിത്രത്തിൽ തന്നെ സമാനതകളില്ലാത്ത നിന്ദ്യ പ്രവൃത്തിയാണ്. സാമ്രാജ്യത്വവാദത്തിനു വിരാമം കുറിച്ചു ലോകരാഷ്ട്രങ്ങളെല്ലാം തന്നെ പരസ്പര സഹകരണത്തിലേക്കും ജനാധിപത്യ ഭരണക്രമത്തിലേക്കും പദമൂന്നുന്ന ഈ കാലഘട്ടത്തിൽ, തങ്ങളുടെ രാജ്യം അതിനൊരപവാദമാണെന്നു തുടരെത്തുടരെയുള്ള നടപടികളിലൂടെ പാകിസ്ഥാൻ ഭരണകൂടവും രാഷ്ട്രീയ നേതൃത്വവും തെളിയിച്ചുകൊണ്ടിരിക്കുന്നു. ആഭ്യന്തര സംഘർഷത്തിന്റെയും വിഘടനവാദത്തിന്റെയും തിക്തഫലം ഇന്ന് ഏറ്റവും കൂടുതൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രം പാകിസ്ഥാൻ പോലെ മറ്റൊന്നില്ല. തങ്ങളുടെ രാജ്യത്തെ ജനങ്ങളുടെ സുരക്ഷപോലും ഉറപ്പാക്കാൻ കഴിയുന്നില്ല എന്നു പാക് പ്രധാനമന്ത്രിതന്നെ പരസ്യമായി പറഞ്ഞിട്ടുമുണ്ട്. അങ്ങനെയുള്ള ഒരു ഭരണകൂടത്തിൽ നിന്നാണു തൊട്ട് അയൽപക്കമായ ഒരു രാജ്യത്തെ ആഭ്യന്തരപ്രശ്നത്തിനു പ്രോത്സാഹനം നല്കുന്ന സമീപനം ഉണ്ടായതെന്നതു തികച്ചും ദൗർഭാഗ്യകരവും ഞെട്ടിക്കുന്നതുമാണ്.



*1999 ജൂലൈ 26നു കാർഗിലിൽ യുദ്ധവിജയം നേടിയ ഇന്ത്യൻ സൈനികരുടെ ആഹ്ലാദം.*

സുന്നി-ഷിയാ വിഭാഗങ്ങളിലെ തീവ്രപക്ഷക്കാർ തമ്മിലുള്ള രക്തച്ചൊരിച്ചിലുകളും ഭീകരപ്രസ്ഥാനങ്ങളുടെ ശക്തിപ്പെടലും പാകിസ്ഥാന്റെ നില പരുങ്ങലിലാക്കിയിരിക്കുന്നു. ആകെയുള്ളൊരു കൈത്താങ്ങായിരുന്ന അമേരിക്കയും സ്വരം കനപ്പിച്ചിരിക്കുന്നു. ആഗോള തീവ്രവാദ ശൃംഖലകൾ രാജ്യം കേന്ദ്രീകരിച്ചു ശക്തിസംഭരിക്കുന്നത് ഒഴിവാക്കണമെന്നും അവരെ ഉന്മൂലനം ചെയ്യാൻ ശക്തമായ ആക്രമണങ്ങൾ തുടരണമെന്നുമാണ് അമേരിക്ക പരസ്യമായി പാകിസ്ഥാനു നല്കിയിരിക്കുന്ന താക്കീത്. ഈ സാഹചര്യത്തിൽ കാശ്മീരുമായി ബന്ധപ്പെട്ട പാകിസ്ഥാന്റെ നടപടിയെ ഒരടവുതന്ത്രമായി വേണം കണക്കാക്കാൻ. അന്താരാഷ്ട്ര സമൂഹത്തിന്റെയും മാധ്യമങ്ങളുടെയും ശ്രദ്ധ കാശ്മീരിലേക്കു തിരിച്ചുവിടുകയാണ് അതിൽ പ്രധാനം.

മാതൃകാപരവും ലോകശ്രദ്ധ ആകർഷിക്കുന്നതുമായ നയമാണ് ഇന്ത്യ കാശ്മീർ വിഷയത്തിലുൾപ്പെടെ പാകിസ്ഥാനോടു സ്വീകരിച്ചു പോരുന്നത്. എന്നാൽ, ഇന്ത്യയോടുള്ള പാക്നയം ഇതിനെല്ലാം കടകവിരുദ്ധമാണ്. സമാധാന സന്ദേശവുമായി പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയി ലാഹോറിൽ സന്ദർശനം നടത്തുമ്പോഴാണ് ഇന്ത്യയുടെ അതിർത്തിയിൽ പാക് തീവ്രവാദികൾ നുഴഞ്ഞുകയറ്റം നടത്തിയത്. അതിനു പാകിസ്ഥാൻ സൈനിക നേതൃത്വത്തിന്റെയും രഹസ്യാന്വേഷണ വിഭാഗമായ ഐ.എസ്. ഐയുടെയും സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ ഉണ്ടായിരുന്നു എന്ന കാര്യം തെളിയിക്കപ്പെട്ടതുമാണ്. ധീരദേശാഭിമാനികളായ ഇന്ത്യൻ സൈനികരുടെ പോരാട്ട വീര്യത്തിനും നിശ്ചയദാർഢ്യത്തിനും മുന്നിൽ പാക് തീവ്രവാദികൾ അടിയറവു പറഞ്ഞും ചെയ്തു എന്നതു മറ്റൊരു ചരിത്ര സംഭവം.

നിഷ്ഠൂരമായ മുംബൈ ഭീകരാക്രമണവും ലോകം മറന്നിട്ടില്ല. അതിൽ പിടിയിലായ ഏക കുറ്റവാളി അജ്മൽ ആമിർ കസബിന്റെ മൊഴിയും, തുടർന്നു നടന്ന അന്വേഷണങ്ങളും പാകിസ്ഥാനെയും ഐ.എസ്.ഐയെയും പ്രതിക്കൂട്ടിലാ



*മുംബൈ ഭീകരാക്രമണത്തിനു വേദിയായ താജ് ഹോട്ടൽ.*

ക്കിയിരിക്കുന്നു. മുംബൈ നരവേട്ടയിൽ തങ്ങൾക്കു പങ്കില്ലെന്ന് ആവർത്തിച്ച പാകിസ്ഥാന് ഇന്ന് അതു തിരുത്തി കുറ്റം സമ്മതിക്കേണ്ടി വന്നിരിക്കുകയാണ്. ഇത്തരത്തിലെല്ലാം മുഖം നഷ്ടപ്പെട്ട്, അന്താരാഷ്ട്ര സമൂഹത്തിന്റെ കണ്ണിലെ കരടായി പാകിസ്ഥാൻ മാറിയിരിക്കുന്നു.

എന്നിരുന്നാൽ തന്നെയും, സമാധാനം എന്ന ആ മഹത്തായ ലക്ഷ്യത്തിനായി മറുഭാഗത്തുനിന്നും ഉണ്ടായ എല്ലാ ചതിപ്രയോഗങ്ങളും മറക്കാൻ ഇന്ത്യ തയ്യാറായി. അതിന്റെ ഫലമായിരുന്നു തുടർന്നുണ്ടായ സമാധാന ആഹ്വാനങ്ങളും സന്ധിസംഭാഷണങ്ങളും. പാകിസ്ഥാൻ ഭരണ നേതൃത്വത്തിന്റെ പ്രഖ്യാപനങ്ങളും മറ്റും വാക്കുകളിൽ മാത്രമൊതുങ്ങുകയും പ്രവൃത്തികൾ ചതിയുടെ വഴിയിലൂടെ സഞ്ചരിക്കുകയുമാണു ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെ മറ്റൊരു സാക്ഷ്യപത്രമാണു കാശ്മീർ സംഘർഷത്തിനു പിന്തുണ പ്രഖ്യാപിച്ചുകൊണ്ടുള്ള പാകിസ്ഥാൻ പാർലമെണ്ടിന്റെ പ്രമേയം.

***